പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3285**

**24.02.2016-ൽ മറുപടിക്ക്**

## ബറ്റാലിയൻ, ആംഡ് റിസർവ് കോൺസ്റ്റബിൾമാരിലെ സീനിയോറിറ്റി തർക്കം

| ചോദ്യം<br>**ശ്രീമതി. ജമീലാ പ്രകാശം** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| **എ)** കേരള പോലീസിൽ 1983-84 ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ ബാച്ചും 1985 ആംഡ് റിസർവ്വ് പോലീസ് കോൺസ്റ്റബിൾ ബാച്ചും തമ്മിലുള്ള സീനിയോറിറ്റി തർക്കം പരിഹരിച്ച് ലോക്കൽ വിഭാഗത്തിൽ സബ്-ഇൻസ്പെക്ടർമാരായി പ്രൊമോട്ട് ചെയ്തിട്ടുണ്ടോ; | **(എ)** എ.ആറും ബറ്റാലിയനും തമ്മിലുള്ള സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജി.ഒ (എം.എസ്) 37/15/ആഭ്യന്തരം തീയതി 26.02.2015 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താല്ക്കാലിക അപ്ഗ്രഡേഷൻ വഴി സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| **ബി)** ഇതിനായി എസ്.ഐ. മാരുടെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചാണോ നിയമനം നൽകിയത്; എങ്കിൽ എത്ര പേരെ അങ്ങനെ നിയമിച്ചു; പ്രസ്തുത എസ്.ഐ.മാരെ റഗുലറൈസ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ; | **(ബി)** ജി.ഒ (എം.എസ്) 37/15/ ആഭ്യന്തരം തീയതി 26.02.2015 അടിസ്ഥാനത്തിൽ 3460 പേർക്ക് സബ് ഇൻസ്പെക്ടർ പോസ്റ്റുകളിൽ താൽക്കാലിക അപ്ഗ്രഡേഷൻ വഴി പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| **സി)** 01.04.2011 മുതൽ എത്ര പേരെ നേരിട്ട് ലോക്കലിൽ എസ്.ഐ.മാരായി നിയമിച്ചു. 01.04.2011 മുതൽ എത്ര പേരുടെ പ്രമോഷൻ റഗുലറൈസ് ചെയ്ത് ലോക്കലിൽ എസ്.ഐ. മാരായി നിയമിച്ചു എന്നറിയിക്കുമോ? | **സി)** എസ്.ഐ.(ജി.ഇ) വിഭാഗത്തിലെ 255 പേർക്കും എസ്.ഐ.(ഡി.എ.ആർ) വിഭാഗത്തിലെ 45 പേർക്കും നിയമനം നൽകിയിട്ടുണ്ട്. (ഇവർ കേരള സിവിൽ പോലീസ് വിഭാഗത്തിൽപ്പെടുന്നു). 01.04.2011 മുതൽ പ്രൊമോഷൻ നൽകി ലോക്കൽ എസ്.ഐ-മാരായി നിയമിച്ചവരെ റെഗുലറൈസ് ചെയ്തിട്ടില്ല |

**സെക്ഷൻ ഓഫീസർ**